## പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഇസ്രയേൽ പ്രധാനമന്ത്രിയുമായി ടെലിഫോൺ സംഭാഷണം നടത്തി

ഡിസംബർ 10, 2025

ഇസ്രയേൽ പ്രധാനമന്ത്രി ശ്രീ. ബെഞ്ചമിൻ നെതന്യാഹുവിൽ നിന്ന് ഇന്ന് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിക്ക് ടെലിഫോൺ കോൾ ലഭിച്ചു.

2. ഇന്ത്യ-ഇസ്രയേൽ തന്ത്രപരമായ പങ്കാളിത്തത്തിൽ ഉണ്ടായ വികസനത്തിൽ ഇരുനേതാക്കളും സംതൃപ്തി പ്രകടിപ്പിക്കുകയും പരസ്പര നേട്ടത്തിനായി ഈ ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധത അവർ ആവർത്തിക്കുകയും ചെയ്തു.

3. ഭീകരതയെ ഇരു നേതാക്കളും ശക്തമായി അപലപിക്കുകയും എല്ലാ രൂപങ്ങളിലും ഭാവങ്ങളിലുമുള്ള ഭീകരതയോട് വിട്ടുവീഴ്ചയുമില്ലാത്ത സമീപനം ആവർത്തിക്കുകയും ചെയ്തു.

4. പശ്ചിമേഷ്യയിലെ സാഹചര്യത്തെക്കുറിച്ചും അവർ അഭിപ്രായങ്ങൾ കൈമാറി. ഗാസ സമാധാന പദ്ധതി എത്രയും വേഗം നടപ്പിലാക്കുന്നത് ഉൾപ്പെടെ മേഖലയിൽ നീതിയുക്തവും ശാശ്വതവുമായ സമാധാനം സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് ഇന്ത്യയുടെ പിന്തുണ പ്രധാനമന്ത്രി ആവർത്തിച്ചു.

5. ഇരുരാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധം തുടരാമെന്ന് ഇരുനേതാക്കളും സമ്മതിച്ചു.

**ന്യൂഡൽഹി**

**ഡിസംബർ 10, 2025**